# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 638** **02.12.2014- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായത്തെ വികസിപ്പിക്കാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ബി.സത്യൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) തകർച്ചയിലേക്ക് പോകുന്ന പരമ്പരാഗത വ്യവസായ മേഖലയിൽപ്പെടുന്ന കൈത്തറി വ്യവസായം വികസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; | (എ) കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ പുതുതായി എത്ര കൈത്തറി വ്യവസായസംരംഭങ്ങൾ ആരംഭിച്ചു; എത്ര വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിച്ചു; വ്യക്തമാക്കാമോ; | (ബി) സർക്കാർ നേരിട്ട് കൈത്തറി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ മാസ്റ്റർ വീവർ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ 73 സംരംഭകർക്ക് ആനുകൂല്യം നൽകി, നെയ്ത്തു സംരംഭം ആരംഭിച്ചിട്ടുണ്ട്. സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം 2012-13, 2013-14 സാമ്പത്തിക വർഷത്തിലായി 38 പേർക്ക് ആനുകൂല്യം നൽകി 38 സംരംഭങ്ങൾ ആരംഭിച്ചു. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിലൂടെ 2 ഘട്ടങ്ങളിലായി 355 പ്രാഥമിക സംഘങ്ങളേയും ഹാന്റക്സിനേയും പുനരുദ്ധരിക്കുവാനുള്ള നടപടി എടുത്തിട്ടുണ്ട്. |

(സി) കൈത്തറി വ്യവസായ പുനരുദ്ധാരണത്തിന് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്ന് ലഭ്യമാക്കിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ പ്രയോജനപ്പെടുത്തുന്ന എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നു; എത്ര പദ്ധതികൾക്ക് അനുമതി കിട്ടിയെന്ന് വ്യക്തമാക്കാമോ?

(സി) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുള്ള റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതി രണ്ടു ഘട്ടങ്ങളിലായി നടപ്പിലാക്കുന്നു. ഒന്നാംഘട്ടത്തിൽ 122 പ്രാഥമിക സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇതുവഴി 355 പ്രാഥമിക കൈത്തറി സംഘങ്ങളുടേയും, ഹാന്റക്സിന്റേയും 1117 വ്യക്തിഗത യൂണിറ്റുകളുടേയും 31.03.2010 വരെയുള്ള വായ്പാ കുടിശ്ശിക 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതുവരെ) ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും അംഗങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ആർ.ആർ.ആർ പാക്കേജിൽ ഹാന്റക്സിന് 75:25(കേന്ദ്രം:സംസ്ഥാനം)നിരക്കിലും പ്രാഥമിക സംഘങ്ങൾക്ക് 80:20 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും ധനസഹായം ലഭിക്കുന്നു. ഇതിലൂടെ കൈത്തറി മേഖലയുടെ നവീകരണം സാധ്യമാകുന്നതാണ്.

ഒന്നാം ഘട്ടത്തിൽ, പദ്ധതി പ്രകാരം 23,92,12,966/- രൂപ കേന്ദ്രസഹായം ലഭിക്കുകയുണ്ടായി. ആയത് 122 പ്രൈമറി കൈത്തറി സഹകരണ സംഘങ്ങൾക്കും 1112 വ്യക്തിഗത നെയ്ത്തുകാർക്കുമായി നബാർഡ് മുഖാന്തിരം വിതരണം ചെയ്യുകയുണ്ടായി.

രണ്ടാം ഘട്ടത്തിൽ കേന്ദ്രവിഹിതമായി 141 കോടി രൂപ ലഭ്യമായിട്ടുണ്ട്. ടി തുകയിൽ നിന്നും 9 ജില്ലകൾക്കായി 9,62,93,248/- രൂപ വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ അപ്പക്സ് സംഘമായ ഹാന്റക്സിന് 47.72 കോടി രൂപ അനുവദിച്ചു നൽകുകയുണ്ടായി. ബാക്കി തുക, ശേഷിച്ച ജില്ലകൾക്ക് അനുവദിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## കൈത്തറി വ്യവസായത്തിന്റെ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദവിവരം

1) അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.

2) നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.

3)ഹാന്റക്സിനും, ഹാൻവീവിനും പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും ഉത്സവ സീസണുകളിൽ 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപനക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.(5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)

4)വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വില്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു.

5)നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതിയ ഷോറൂം നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 19 ഷോറൂമുകൾ നവീകരിക്കുന്നതിനും 6 പുതിയ ഷോറൂമുകൾ നിർമ്മിക്കുന്നതിനും സഹായം നൽകി. 3 ഷോറൂമുകളുടെ പണി പൂർത്തീകരിച്ചു.

6)കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി നൽകി വരുന്നു.

7)ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.

8)കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഇവയ്ക്ക് മാർജിൻമണി ലോണും നൽകി വരുന്നു.

9)കേന്ദ്രഗവണ്മെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

10)കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തി വരുന്നു.

11)പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു. ഇതു വഴി പ്രവർത്തന മൂലധനം സ്വരൂപീകരിക്കാൻ കഴിയുന്നു.

12)കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

13)കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.പുതുതായി ഈ മേഖലയിലേക്ക് വ്യക്തികളെ ആകർഷിക്കുന്നതിന് ആവശ്യമായ പരിശീലനത്തിന് ധനസഹായം നൽകി വരുന്നു. നൂതന ഡിസൈനുകൾ ആവിഷ്കരിക്കുന്നതിന് ഉപകരണങ്ങൾക്കും പരിശീലനത്തിനും ധനസഹായം നൽകി വരുന്നു.

14)അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി നടപ്പിലാക്കുന്നു.

15)ഫാക്ടറി/കോട്ടേജ് മാതൃക സംഘങ്ങളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

16)നെയ്ത്തുകാരുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ ഇൻസെന്റീവുകൾ നൽകി പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

17)കൈത്തറി മേഖലയിൽ കേന്ദ്ര ഗവണ്മെന്റിന്റെ റിവൈവൽ, റിഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് നടപ്പിലാക്കി. ഒന്നാംഘട്ടത്തിൽ 122 പ്രാഥമിക സംഘങ്ങൾക്കും, 1112 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിച്ചു. രണ്ടാം ഘട്ടത്തിൽ ഹാന്റക്സിനും 233 പ്രാഥമിക സംഘങ്ങൾക്കും 5 വ്യക്തിഗത നെയ്ത്തുകാർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇതുവഴി 355 പ്രാഥമിക കൈത്തറി സംഘങ്ങളുടേയും, ഹാന്റക്സിന്റേയും 1117 വ്യക്തിഗത യൂണിറ്റുകളുടേയും 31.03.2010 വരെയുള്ള വായ്പാ കുടിശ്ശിക 100%വും പലിശയുടെ 25%വും (എൻ.പി.എ ആകുന്നതുവരെ) ഒഴിവാക്കുന്നതാണ്. എൻ.സി.ഡി.സി വായ്പയും ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്റ്റോക്കിന്റെ 50% വിലയും അംഗങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും ഹാന്റക്സിനും, പ്രൈമറി സംഘങ്ങൾക്കും ലഭിക്കുന്നു. ആർ.ആർ.ആർ പാക്കേജിൽ ഹാന്റക്സിന് 75:25(കേന്ദ്രം:സംസ്ഥാനം)നിരക്കിലും പ്രാഥമിക സംഘങ്ങൾക്ക് 80:20 (കേന്ദ്രം:സംസ്ഥാനം) നിരക്കിലും ധനസഹായം ലഭിക്കുന്നു. ഇതിലൂടെ കൈത്തറി മേഖലയുടെ നവീകരണം സാധ്യമാകുന്നു.

സെക്ഷൻ ഓഫീസർ